**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2822** **06.02.2018-ൽ മറുപടിക്ക്**

**തൊഴിലപകട നഷ്ടപരിഹാര കോടതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഉമ്മർ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) തൊഴിലപകട നഷ്ടപരിഹാര കോടതിയിൽ കേസുകൾ തീർപ്പാക്കുന്ന കാര്യത്തിൽ കാലവിളംബം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ; | എ) തൊഴിലപകട നഷ്ടപരിഹാര കേസുകൾ തീർപ്പാക്കുന്നതിൽ കോടതിയുടെ ഭാഗത്തു നിന്നും കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) പ്രസ്തുത കോടതി ആഴ്ചയിൽ എത്ര ദിവസമാണ് പ്രവർത്തിക്കുന്നത്; ആയത് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (ബി) തൊഴിലപകട നഷ്ടപരിഹാര കേസുകൾ നിലവിൽ വ്യവസായ ട്രൈബ്യൂണലുകളാണ് തീർപ്പാക്കുന്നത്. വിവിധ വ്യാവസായിക ട്രൈബ്യൂണലുകളുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. പ്രസ്തുത കോടതികളുടെ പ്രവർത്തന ദിവസം വർദ്ധിപ്പിക്കുന്നത് നിലവിൽ സർക്കാർ പരിഗണനയിലില്ല. |
| (സി) അപകടമരണത്തിനും അപകടത്തിൽ പൂർണമായും ഡിസെബിലിറ്റി ഉണ്ടാകുന്നവർക്കും നഷ്ടപരിഹാരം നൽകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (സി) നിലവിലെ നിയമങ്ങളിലും ചട്ടങ്ങളിലും അനുശാസിക്കുന്ന വ്യവസ്ഥകൾ പാലിച്ചുകൊണ്ട് അപകടമരണത്തിനും അപകടത്തിൽ പൂർണ്ണമായും ഡിസെബിലിറ്റി ഉണ്ടാകുന്നവർക്കും നഷ്ടപരിഹാരം നൽകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.

**അനുബന്ധം**

## വിവിധ തൊഴിൽ നഷ്ടപരിഹാര കോടതികളുടെ പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ

| ക്രമ നം | വ്യാവസായിക ട്രൈബ്യൂണലിന്റെ പേര് | പ്രവൃത്തി ദിവസങ്ങൾ സംബന്ധിച്ച വിവരം |
|---|---|---|
| 1 | വ്യാവസായിക ട്രൈബ്യൂണൽ, തിരുവനന്തപുരം | എല്ലാ ദിവസങ്ങളിലും പ്രവർത്തിക്കുന്നുണ്ട്. തിങ്കൾ, ബുധൻ ദിവസങ്ങളിലും അത്യാവശ്യ സാഹചര്യത്തിൽ ശനിയാഴ്ച ദിവസങ്ങളിലും വിചാരണ നടത്തിവരുന്നു. |
| 2 | വ്യാവസായിക ട്രൈബ്യൂണൽ, കൊല്ലം. | കോടതി എല്ലാ ദിവസങ്ങളിലും പ്രവർത്തിക്കുന്നുണ്ട്. ആഴ്ചയിൽ രണ്ടുദിവസം ആസ്ഥാനത്തും പുനലൂരിൽ മാസത്തിൽ രണ്ട് ദിവസവും കോടതി വിചാരണ നടത്താറുണ്ട്. |
| 3 | വ്യാവസായിക ട്രൈബ്യൂണൽ, ആലപ്പുഴ | എല്ലാ തിങ്കളാഴ്ചയും ആലപ്പുഴയിലും, എല്ലാ വ്യാഴം, വെള്ളി ദിവസങ്ങളിൽ എറണാകുളത്തും മാസത്തിൽ രണ്ടാമത്തെ ചൊവ്വാഴ്ചയിൽ മൂവാറ്റുപുഴയിലും അവസാനത്തെ ചൊവ്വാഴ്ചയിൽ പത്തനംതിട്ടയിലും പ്രസ്തുത കോടതി വിചാരണകൾ നടത്താറുണ്ട്. |
| 4 | വ്യാവസായിക ട്രൈബ്യൂണൽ, പീരുമേട്, ഇടുക്കി | ആഴ്ചയിൽ എല്ലാ ദിവസവും കോടതി പ്രവർത്തിക്കുന്നുണ്ട്. വ്യാഴാഴ്ചകളിൽ ആസ്ഥാനമായ പീരുമേടും ചൊവ്വാഴ്ചകളിൽ കോട്ടയത്തും ഒന്നിടവിട്ട വെള്ളിയാഴ്ചകളിൽ മൂന്നാറും തൊടുപുഴയിലും വിചാരണകൾ നടത്തിവരുന്നു. |
| 5 | വ്യാവസായിക ട്രൈബ്യൂണൽ, തൃശ്ശൂർ | ആഴ്ചയിൽ 3 ദിവസമാണ് പ്രസ്തുത കോടതി പ്രവർത്തിക്കുന്നത്. |
| 6 | വ്യാവസായിക ട്രൈബ്യൂണൽ, പാലക്കാട് | ആഴ്ചയിൽ തിങ്കൾ, ചൊവ്വ ദിവസങ്ങളിൽ പാലക്കാട് ആസ്ഥാനത്തും എല്ലാ വെള്ളിയാഴ്ചകളിലും മലപ്പുറം ജില്ലയിലെ മഞ്ചേരി/ പെരിന്തൽമണ്ണ/തിരൂർ എന്നിവിടങ്ങളിലും മാറി മാറി സിറ്റിംഗ് നടത്തുന്നു. |
| 7 | വ്യാവസായിക ട്രൈബ്യൂണൽ, കോഴിക്കോട് | ആഴ്ചയിൽ പരമാവധി സിറ്റിംഗ് നടത്താറുണ്ട്. ആഴ്ചയിൽ 3 ദിവസം കോഴിക്കോട് ആസ്ഥാന ഓഫീസിലും ഒരു ദിവസം കണ്ണൂരിലും സിറ്റിംഗുകൾ നടത്താറുണ്ട്. കൂടാതെ മാസത്തിൽ ഒരു ദിവസം എന്ന ക്രമത്തിൽ തലശ്ശേരി, കാസർഗോഡ് എന്നിവിടങ്ങളിലും മാസത്തിൽ രണ്ടു ദിവസം കൽപ്പറ്റയിലും സിറ്റിംഗുകൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ.